**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3959** **17-03-2025 - ൽ മറുപടിയ്ക്ക്**

**മെഡിക്കൽ പി.ജി. വിദ്യാർത്ഥികൾക്ക് ലീവ്, സ്റ്റൈപ്പൻഡ് എന്നിവ അനുവദിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മെഡിക്കൽ പി.ജി. വിദ്യാർത്ഥികൾക്ക് നിയമാനുസൃതം ലഭിക്കേണ്ട ലീവ്, സ്റ്റൈപ്പൻഡ് എന്നിവ അനുവദിക്കുന്നതിന് പല സ്വകാര്യ മെഡിക്കൽ കോളേജുകളും വീഴ്ച വരുത്തുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | സ്വകാര്യ മെഡിക്കൽ കോളേജുകളിലെ മെഡിക്കൽ പി.ജി വിദ്യാർത്ഥികൾക്ക് സർക്കാർ മെഡിക്കൽ കോളേജിലെ സ്റ്റൈപ്പന്റിനു തുല്യമായ തുക സ്റ്റൈപ്പന്റ് നൽകുവാൻ നിർദ്ദേശിച്ച് കേരള ആരോഗ്യ സർവ്വകലാശാല സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>പ്രോസ്പെക്ടസ് വ്യവസ്ഥകൾ പ്രകാരം മെഡിക്കൽ പി.ജി. വിദ്യാർത്ഥികൾക്ക് പ്രതിവാര അവധിയ്ക്കു പുറമെ പ്രതിവർഷം 20 ആകസ്മിക അവധിയും കോൺഫറൻസുകളിലും സെമിനാറുകളിലും പങ്കെടുക്കാനായി 15 ദിവസത്തെ പ്രത്യേക അവധിയും അനുവദിക്കുന്നുണ്ട്. കൂടാതെ സ്ത്രീ റസിഡന്റുമാർക്ക് 6 മാസത്തെ പ്രസവാവധിയും അനുവദിക്കുന്നുണ്ട്. മെഡിക്കൽ പിജി വിദ്യാർത്ഥികൾക്ക് നിയമാനുസൃതം ലഭിക്കേണ്ട ലീവുകൾ അനുവദിക്കുന്നതിനായി കോളേജുകൾക്ക് കേരള ആരോഗ്യ സർവ്വകലാശാല നിർദ്ദേശം നല്കിയിട്ടുണ്ട്.<br><br>കൂടാതെ, Student Support and Guidance Programme (SSGP) എന്ന പദ്ധതി വഴി വിദ്യാർത്ഥിയുടെ ആരോഗ്യ-മാനസികാരോഗ്യ-പഠന വൈകല്യ പ്രശ്നങ്ങളിൽ കേരള ആരോഗ്യ സർവ്വകലാശാല ഫലപ്രദമായി ഇടപെടുന്നുണ്ട്. |
| (ബി) | ഇത് അവരിൽ മാനസിക സംഘർഷം രൂപപ്പെടുത്തുന്നതിനും അതുവഴി പഠനം, വ്യക്തി-സാമൂഹ്യ ജീവിതം എന്നിവയെ ദോഷകരമായി ബാധിക്കുകയും ചെയ്യുമെന്നതിനാൽ ഇക്കാര്യത്തിൽ വിദ്യാർത്ഥികൾക്ക് നീതി ഉറപ്പാക്കുന്നതിനായി നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | മറുപടി (എ) പിരിവിൽ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ